# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2146** **11/06/2018-ൽ മറുപടിക്ക്**

## ആരോഗ്യമേഖലയെ ശക്തിപ്പെടുത്തുന്നതിന് നടപടി

**ചോദ്യം**

**ശ്രീ.വി.പി.സജീന്ദ്രൻ**

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

എ) തുടർച്ചയായി പകർച്ച വ്യാധികൾ പടർന്ന് പിടിക്കുന്നതിനെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

എ) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിനായി സർക്കാരിന്റെ നേതൃത്വത്തിൽ ആരോഗ്യവകുപ്പിന്റെയും മറ്റ് അനുബന്ധ വകുപ്പുകളുടെയും സഹകരണത്തോടെ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന 'ആരോഗ്യജാഗ്രത' പ്രതിദിനം പ്രതിരോധം എന്ന കർമ്മ-പരിപാടി നടപ്പിലാക്കി വരുന്നു. ആരോഗ്യവകുപ്പിന്റെയും തദ്ദേശസ്വയം ഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണയം നടത്തുകയും ജനങ്ങളെ പകർച്ച-വ്യാധികൾക്കെതിരെ ബോധ-വത്കരിക്കുകയും ചെയ്യുന്നു. വ്യക്തി ശുചിത്വം, പരിസരശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധങ്ങളായ രോഗ പ്രതിരോധ ബോധവത്കരണം ജനങ്ങൾക്ക് നൽകിവരുന്നു.

പഞ്ചായത്തുകളിൽ ഗ്രാമസഭകൾ നടത്തുകയും വാർഡ് തല ആരോഗ്യ ശുചിത്വ കർമ്മസേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ശുചിത്വമാപ്പിംഗ് നടത്തുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി.ആർ.ഡി ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ ഉത്തരവാദിത്വത്തിൽ ആരോഗ്യജാഗ്രതാ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വീടുകൾ, സ്ഥാപനങ്ങൾ,

പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

കൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ-നിരീക്ഷണവും കൊതുക നിരീക്ഷണവും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ച വ്യാധികൾ റിപ്പോർട്ട് ചെയ്യു സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല നടപടികൾ സ്വീകരിച്ചു വരുന്നു. കൊതുകുസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യു സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐഎസ്എസ്), വീടിനു പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിങ്ങ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് ചെയ്തു വരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ കൈപ്പുസ്തകങ്ങൾ, പൊതു-ജനങ്ങൾക്കാവശ്യമായ ലഘുലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| **ബി)** | ദേശീയ ആരോഗ്യ റിപ്പോർട്ടിൽ തുടർച്ചയായി ഒന്നാം സ്ഥാനം നേടിക്കൊണ്ടിരുന്ന സംസ്ഥാനം അടിക്കടിയുണ്ടാകുന്ന പകർച്ച വ്യാധി മരണം മൂലം പിൻതള്ളപ്പെടുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; | **ബി)** | ഇല്ല |
| **സി)** | കഴിഞ്ഞ അഞ്ച് മാസത്തിനിടയിൽ സംസ്ഥാനത്ത് വൈറൽ പനി, ഡെങ്കിപനി, എലിപ്പനി, മഞ്ഞപ്പിത്തം, എച്ച് 1 എൻ 1 തുടങ്ങിയവ ബാധിച്ച് എത്ര പേർ ചികിത്സ തേടി; അതിലെത്രപേർ മരണമടഞ്ഞുവെന്ന് അറിയിക്കുമോ ; | **സി)** | അനുബന്ധമായി ചേർക്കുന്നു. |
| **ഡി)** | നിപ പോലുള്ള വൈറസ് ബാധകൾ പടർന്ന് പിടിച്ച സാഹചര്യത്തിൽ രോഗികളുടെ രക്ത സാമ്പിൾ പരിശോധനയ്ക്കും വൈറസ് രോഗങ്ങളെ സംബന്ധിച്ച ഗവേഷണത്തിനുമുള്ള സ്ഥാപനങ്ങളുടെ അഭാവം ആരോഗ്യ രംഗം നേരിടുന്ന | **ഡി)** | ഉണ്ട് |

ഭീഷണിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

| | | | |
|---|---|---|---|
| ഇ) | രാജ്യത്താകമാനം പ്രകീർത്തിക്കപ്പെട്ട ആരോഗ്യരംഗത്തെ കേരള മോഡലിന് വൻ ഇടിവ് സംഭവിച്ചുവെന്നത് ഗൗരവമായി പരിഗണിച്ച് ആരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ? | ഇ) | രാജ്യത്താകമാനം പ്രകീർത്തിക്കപ്പെട്ട ആരോഗ്യ രംഗത്തെ കേരള മോഡലിന് നാളിതു വരെ ഇടിവ് സംഭവിച്ചിട്ടില്ല. പ്രസ്തുത മോഡൽ പൂർവ്വാധികം ശക്തിയോടെ നിലനിൽക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

# DATA ON COMMUNICABLE DISEASES- 2018

## (Month wise - Jan, Feb,March, April &May )

| Sl.No. | Name of Diseases | | January | | February | | March | | April | | May | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | Case | Death | Case | Death | Case | Death | Case | Death | Case | Death |
| 1 | Dengue Fever | | 164 | 0 | 98 | 2 | 74 | 0 | 74 | 0 | 436 | 1 |
| 2 | Leptospirosis | | 48 | 4 | 34 | 1 | 31 | 4 | 30 | 0 | 82 | 2 |
| 3 | Hepatitis - A | | 56 | 0 | 61 | 0 | 173 | 3 | 87 | 1 | 141 | 0 |
| 4 | H1N1 | | 6 | 0 | 1 | 0 | 1 | 0 | 0 | 0 | 3 | 0 |
| 5 | Fever | OP | 211792 | 4 | 188818 | 4 | 176974 | 3 | 153297 | 1 | 236754 | 11 |
| | | IP | 5138 | | 4590 | | 3891 | | 3306 | | 5061 | |